LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ഉൽപാദനത്തിനുള്ള സ്ഥാപിതശേഷി

3 [1900] പ്രൊഫ. എ. ഡി . മുസ്തഫ:

ശ്രീ. കെ. അച്ചുതൻ:

,, കെ. ബാബു:

,, വി. ജെ. പൗലോസ്:

,, എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 31-12-2004-ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ വൈദ്യുതി ഉൽപാദനത്തിനുള്ള സ്ഥാപിതശേഷി എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്തിന്റെ ശരാശരി പീക് ഡിമാന്റ് എത്രയായിരുന്നു ;

(സി) ഇക്കഴിഞ്ഞ അഞ്ചുവർഷമായി സംസ്ഥാനത്തിന്റെ വൈദ്യുതി ഉൽപാദനത്തിലും ആവശ്യത്തിലുമുള്ള വർദ്ധന എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2615.74 മെഗാവാട്ട്.

(ബി) പ്രസ്തുത കാലയളവിൽ ശരാശരി പീക്ക് ഡിമാൻഡ് 2198 മെഗാവാട്ട് ആയിരുന്നു.

(സി)

	2003-2004	2002-2003	2001-2002	2000-2001	1999-2000
ഉൽപാദനം	4528.85	5522.517	7206.543	6997.011	7653.636
ആവശ്യം	12306.6	12448.1	12596.25	12508.61	11780.51

1-4-2004 മുതൽ 28-2-2005 വരെ ഉൽപാദനം 6482 മെഗാവാട്ടും ആവശ്യം 11355 ഉം ആണ്.

പുതിയ വൈദ്യുതി കണക്ഷനുകൾ

4 [1901] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ഇനം കണക്ഷനുകൾ എത്ര എണ്ണം കൊടുത്തു എന്ന് വ്യക്തമാക്കുമോ;